LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാൻവാടി നിർമ്മാണം

242 (2522) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവകുപ്പ് വിജ്ഞാൻ വാടികൾ നിർമ്മാണം പൂർത്തിയാക്കിയത് ഏതൊക്കെ പഞ്ചായത്തുകളിൽ ആണെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി ചെലവഴിക്കപ്പെട്ട തുകയുടെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിജ്ഞാൻവാടി കെട്ടിട നിർമ്മാണം ആരംഭിച്ചവയിൽ 108 എണ്ണം പൂർത്തിയായിട്ടുണ്ടെങ്കിലും 84 എണ്ണം മാത്രമേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിജ്ഞാൻവാടികൾ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും 1000 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒരു കെട്ടിടത്തിന് 5 ലക്ഷം രൂപ നിരക്കിൽ 50 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 108 കെട്ടിടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 4.15 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി സഹകരണ സംഘങ്ങൾ

243 (2523) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി മേഖലയിലെ സഹകരണ സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിക്കുമെന്ന പ്രഖ്യാപനം നടപ്പിലായോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് പട്ടികജാതി സഹകരണ സംഘങ്ങൾ തകർച്ചയിലേക്ക് പോകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പിന്നോക്കസമുദായ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പട്ടികജാതി മേഖലയിലെ സഹകരണ സ്ഥാപനങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിക്കുമെന്ന പ്രഖ്യാപനം സംബന്ധിച്ച വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രാപ്തനായ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാനാണ് പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. റിപ്പോർട്ടിൻമേൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടർ, സഹകരണ സംഘം രജിസ്ട്രാർ, മാനേജിംഗ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ എന്നിവരുടെ അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കാത്തതും ഭരണ സമിതിയുടെ കെടുകാര്യസ്ഥതയും സഹകരണ വകുപ്പിന്റെ മേൽനോട്ടക്കുറവും വിദ്യാഭ്യാസ യോഗ്യതയുള്ളവരും യുവാക്കളും ഉണ്ടെങ്കിലും അവർ സംഘം പ്രവർത്തനങ്ങളിലും ഭരണസമിതികളിലും ഭാഗമാകാതിരിക്കുന്നതുമാണ് സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമായിട്ടുള്ളതെന്നാണ് റിപ്പോർട്ടിൽ പരാമർശിച്ചു കാണുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly